പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 318 01.12.2014-ൽ മറുപടിക്ക്

## ലോ ഫ്ളോർ ബസ് സർവ്വീസ്

**ചോദ്യം** **ഉത്തരം**

ശ്രീ. എ. കെ. ശശീന്ദ്രൻ :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും
സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കൊച്ചി, തിരുവനന്തപുരം നഗരങ്ങളിൽ യാത്രാക്ലേശം പരിഹരിക്കാൻ ഏർപ്പെടുത്തിയ ലോ ഫ്ളോർ ബസ് കോഴിക്കോട് ജില്ലയിലും നടപ്പിലാക്കുന്നതിനു സ്വീകരിച്ച നടപടികളുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ ; | (എ) | ജൻറം ഒന്നാം ഘട്ട പദ്ധതി പ്രകാരം ലഭിച്ച ലോ ഫ്ളോർ ബസ്സുകൾ തിരുവനന്തപുരം, കൊച്ചി നഗരങ്ങളിൽ സർവ്വീസ് നടത്തുന്നതിനായാണ് ലഭ്യമാക്കിയിട്ടുള്ളത്. കേന്ദ്ര സർക്കാരിന്റെ നിർദ്ദേശപ്രകാരം പ്രസ്തുത ബസുകൾ തിരുവനന്തപുരം, എറണാകുളം ജില്ലകൾക്കുള്ളിൽ സർവ്വീസ് നടത്താൻ മാത്രമാണ് നിർദ്ദേശിച്ചിരിക്കുന്നത്. പ്രസ്തുത ലോ ഫ്ളോർ ബസ്സുകൾ കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കുന്നതിന് നിലവിൽ വ്യവസ്ഥയില്ല. |
| (ബി) | ജില്ലയിൽ ലോ ഫ്ളോർ ബസ് ആരംഭിക്കുമ്പോൾ എലത്തൂരിൽ നിന്ന് കോഴിക്കോട് എയർപോർട്ടിലേയ്ക്കും സർവ്വകലാശാലയിലേയ്ക്കും ബാലുശ്ശേരി - കോഴിക്കോട് റൂട്ടിലേയ്ക്കും സർവ്വീസ് നടത്താനുള്ള നടപടി സ്വീകരിക്കുമോയെന്നു വെളിപ്പെടുത്തുമോ? | (ബി) | ജൻറം രണ്ടാം ഘട്ടപദ്ധതി പ്രകാരം 400 ബസ്സുകൾ ലഭ്യമാക്കുമ്പോൾ കോഴിക്കോട് ജില്ലക്കും ബസ്സുകൾ അനുവദിക്കുന്നുണ്ട്. ഈ ബസ്സുകൾ ലഭ്യമാക്കുമ്പോൾ എലത്തൂരിൽ നിന്ന് കോഴിക്കോട് എയർപോർട്ടിലേക്കും സർവ്വകലാശാലയിലേക്കും ബാലുശ്ശേരി - കോഴിക്കോട് റൂട്ടിലേക്കും സർവ്വീസ് നടത്തുവാൻ കഴിയുമോ എന്ന കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ